"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

പൊതുസംഭരണ ഉപദേശകകാര്യ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മാലിന്യ നിർമാർജ്ജന പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഇലക്ട്രിക്ക് മുച്ചക്ര വാഹനങ്ങൾ കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ് (KAL)-ൽ നിന്നും ടെൻഡർ നടപടിക്രമങ്ങൾ കൂടാതെ വാങ്ങുന്നതിന് - സ്റ്റോർസ് പർച്ചേസ് മാന്വലിലെ ഖണ്ഡിക 9.23 - ൽ ഇളവ് നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുസംഭരണ ഉപദേശകകാര്യ (എ) വകുപ്പ്

സ.ഉ.(സാധാ) നം.3/2025/PPAD    തീയതി, തിരുവനന്തപുരം, 11.03.2025

---

പരാമർശം:-
1. 09.01.2024 - ലെ സ.ഉ.(സാധാ) നം.9/2024/SPD.
2. കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 26.12.2024 - ലെ KAL/MDO/2024-2025/892 നമ്പർ കത്ത്.

## ഉത്തരവ്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മാലിന്യ നിർമാർജ്ജന പ്രവർത്തനങ്ങൾക്കായുള്ള ഇലക്ട്രിക്ക് പിക്ക് അപ്പ് വാൻ / ഇലക്ട്രിക്ക് ഓട്ടോ തുടങ്ങിയ വാഹനങ്ങൾ, അവയുടെ ഗുണനിലവാരം ഉറപ്പുവരുത്തിക്കൊണ്ടും, പ്രസ്തുത സ്ഥാപനം വാഗ്ദാനം ചെയ്തിട്ടുള്ള അടിസ്ഥാനവിലയിൽ 2% കിഴിവ്, ബാറ്ററിക്ക് 3 വർഷ വാറണ്ടി, 5 ഫ്രീ സർവീസ് തുടങ്ങിയ ഇളവുകളോടെയും, ഈ വാഹനങ്ങൾ ഇതേ സ്പെസിഫിക്കേഷൻ ഉള്ള വാഹനങ്ങളുടെ മാർക്കറ്റ് വിലയേക്കാൾ കുറവാണെന്ന് ഉറപ്പുവരുത്തിക്കൊണ്ടും, ടെൻഡർ നടപടികളില്ലാതെ കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ് (KAL) - ൽ നിന്നും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നേരിട്ട് വാങ്ങുന്നതിന് ഒരു വർഷത്തേയ്ക്ക് ഇളവ് നൽകിക്കൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിന്റെ കാലാവധി 08.01.2025 - ൽ അവസാനിച്ചതിനാൽ, പ്രസ്തുത അനുമതിയുടെ കാലാവധി മൂന്നു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചു നൽകണമെന്ന് കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മാലിന്യ നിർമാർജ്ജന പ്രവർത്തനങ്ങൾക്കായി, കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ് (KAL) നിർമ്മിക്കുന്ന ഇലക്ട്രിക്ക് മുച്ചക്ര വാഹനങ്ങൾ അവയുടെ ഗുണനിലവാരം ഉറപ്പുവരുത്തിക്കൊണ്ടും, പ്രസ്തുത സ്ഥാപനം വാഗ്ദാനം ചെയ്തിട്ടുള്ള അടിസ്ഥാനവിലയിൽ 2% കിഴിവ്, ബാറ്ററിക്ക് 3 വർഷ വാറണ്ടി, 5 ഫ്രീ സർവീസ് തുടങ്ങിയ ഇളവുകളോടെയും, ഈ വാഹനങ്ങളുടെ വില, PIAGGIO, MAHINDRA മുതലായ പ്രമുഖ കമ്പനികളുടെ ഇതേ സ്പെസിഫിക്കേഷൻ ഉള്ള വാഹനങ്ങളുടെ മാർക്കറ്റ് വിലയേക്കാൾ കൂടുതൽ അല്ലെന്ന് ഉറപ്പുവരുത്തിക്കൊണ്ടും, ടെൻഡർ നടപടികൾ കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നേരിട്ട് വിപണനം ചെയ്യുന്നതിന് ഉത്തരവ് തീയതി

മുതൽ ഒരു വർഷത്തേയ്ക്ക് കൂടി സ്റ്റോർസ് പർച്ചേസ് മാന്വലിലെ ഖണ്ഡിക 9.23 - ൽ ഇളവ് നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SABIN JOSE**

ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്, എ & ഇ), കേരള, തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ് (KAL), ആറാലുംമൂട് പി.ഒ, നെയ്യാറ്റിൻകര, തിരുവനന്തപുരം - 695 123.
എക്സിക്യൂട്ടീവ് ഡയറക്ടർ. ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
സ്-ഡിറ്റ്, ഗോർക്കി ഭവനം, വാൻറോസ് ജംക്ഷൻ, തിരുവനന്തപുരം. (സർക്കാർ ഉത്തരവ് സ്റ്റോർസ് പർച്ചേസ് വകുപ്പിന്റെ വെബ് സൈറ്റിൽ ചേർക്കുന്നതിന്).
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം. (സർക്കാർ ഉത്തരവ് സർക്കാർ വെബ് സൈറ്റിൽ ചേർക്കുന്നതിന്).
വ്യവസായ വകുപ്പ് (ഫയൽ നം. IND-D3/3/2025-IND) പ്രകാരം.
തദ്ദേശ സ്വയംഭരണ (ഡിസി) വകുപ്പ്.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ